# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം. 2428

08/07/2015-ലെ
മറുപടിയ്ക്ക്

## മിഷൻ 676 ഉൾപ്പെടുത്തി വായ്പാ കുടിശ്ശിക എഴുതിത്തള്ളൽ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കെ. രാധാകൃഷ്ണൻ<br>ശ്രീ.കെ.വി.വിജയദാസ്<br>ശ്രീ.കെ.കെ. നാരായണൻ<br>ശ്രീ.ആർ.രാജേഷ് | | ശ്രീ.എ.പി.അനിൽകുമാർ<br>പട്ടികജാതി പിന്നോക്ക സമുദായക്ഷേമവും<br>വിനോദസഞ്ചാരവും വകുപ്പ് മന്ത്രി | |
| (എ) | മിഷൻ 676 ൽ പട്ടികജാതിയിൽ പ്പെട്ടവർ സഹകരണ സ്ഥാപ നങ്ങളിൽ നിന്നും പട്ടികജാതി/ പട്ടികവർഗ്ഗ വികസന കോർപ്പറേ ഷനിൽ നിന്നും എടുത്ത ഒരു ലക്ഷം രൂപ വരെയുള്ള വായ്പാ കുടിശ്ശിക എഴിതിത്തള്ളുമെന്ന് പ്രഖ്യാപിച്ചിരുന്നോ; | (എ)<br>&<br>(ബി) | ഉണ്ട്. സർക്കാർ പ്രഖ്യാപിച്ച മിഷൻ 676 പദ്ധതിയുടെ ഭാഗമായി പട്ടികജാതി വിഭാഗങ്ങളിൽപ്പെട്ടവർ, സഹകരണ സ്ഥാപനങ്ങൾ, പട്ടികജാതി പട്ടിക വർഗ്ഗ വികസന കോർപ്പറേഷൻ എന്നിവയിൽ നിന്നും എടുത്തിട്ടുള്ള ഒരു ലക്ഷം വരെയുള്ളതും 31/03/2010 ൽ തിരിച്ചടവ് കാലാവധി കഴിഞ്ഞ് കുടിശ്ശികയായിട്ടുള്ളതുമായ വായ്പകൾ എഴുതി തള്ളുന്നത് സംബന്ധിച്ച് 30.03.2015 ലെ സ.ഉ.(അച്ചടി) നം.24/2015/പജപവവിവ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഈ ഉത്തരവ് പ്രകാരമുള്ള പദ്ധതി യ്ക്കും തീർപ്പാക്കുന്ന വായ്പകളുമായി ബന്ധപ്പെട്ട് സ്ഥാപനങ്ങൾക്ക് ലഭ്യമാക്കേണ്ട തുകകൾ വിതരണം ചെയ്യേണ്ട നോഡൽ ഏജൻസിയായി പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷനെ ചുമതല പ്പെടുത്തുകയും, പദ്ധതി നടപ്പിലാക്കുന്നതിനുള്ള ആദ്യ ഘട്ടം എന്ന നിലയിൽ 10 കോടി രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | ബഡ്ജറ്റിൽ തുക വകയിരു ത്താതെ ഈ പദ്ധതി നടപ്പാ ക്കാനുദ്ദേശിച്ചിരിക്കുന്നത് എങ്ങ നെയെന്ന് അറിയിക്കാമോ; | | |
| (സി) | പ്രസ്തുത പദ്ധതി ഇതുവരെ എത്രപേർക്ക് പ്രയോജനപ്പെട്ടു വെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ അതിനായി ചെലവഴിച്ച തുകയെത്രയെന്ന് അറിയിക്കുമോ? | | വിവരം ശേഖരിച്ച് നൽകുന്നതാണ്. |

Sabu K.T
സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്